(സി) തിരുവനന്തപുരം മൃഗശാലയിൽ 48 ഇനത്തിൽപ്പെട്ട 419 മൃഗങ്ങളും 33 ഇനത്തിൽപ്പെട്ട 195 പക്ഷികളും തൃശ്ശൂർ മൃഗശാലയിൽ 30 ഇനത്തിൽപ്പെട്ട 366 മൃഗങ്ങളും 11 ഇനത്തിൽപ്പെട്ട 66 പക്ഷികളും ഉൾപ്പെടെ 785 മൃഗങ്ങളും 261 പക്ഷികളും ഉണ്ട്.

(ഡി) നവീകരണംകൊണ്ട് ഇപ്പോൾ നീർക്കുതിര, കാണ്ടാമൃഗം, ആന, സിംഹവാലൻ കുരങ്ങ്, ബംഗാൾ കുരങ്ങ്, പാതിരി കുരങ്ങ്, ഹനുമാൻ കുരങ്ങ്, കരിംകുരങ്ങ്, ഹിമാലയൻ കരടി, പന്നിക്കരടി, സിംഹം, മയിലുകൾ മുതലായ മൃഗങ്ങൾക്കും പക്ഷികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ആൺ കാണ്ടാമൃഗത്തിന്റെ അപ്രതീക്ഷിതമായ ആക്രമണത്താലാണ് ആസാമിൽനിന്നും കൊണ്ടുവന്ന പെൺ കാണ്ടാമൃഗം മരിച്ചത്. ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ തൃശൂർ മൃഗശാലയിലെ വെറ്റിനറി ഡോക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) സെൻട്രൽ സൂ അതോറിറ്റിയുമായി ആലോചിച്ചതിനുശേഷമേ പുതുതായി പെൺ കാണ്ടാമൃഗത്തിനെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയുള്ളു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

നരേന്ദ്രൻ കമ്മീഷനെതിരെയുള്ള റിട്ട് ഹർജി

189 [1598] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

,, കളത്തിൽ അബ്ദുള്ള :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക് കുരിക്കൾ :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജസ്റ്റീസ് നരേന്ദ്രൻ, രവീന്ദ്രൻ നായർ, ടി. എം. സാവാൻകുട്ടി എന്നീ മൂന്ന് അംഗങ്ങൾ അടങ്ങിയ രണ്ടാം നരേന്ദ്രൻ കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്ത് ഏതെങ്കിലും റിട്ട് ഹർജി ഇപ്പോൾ സുപ്രീംകോടതിയിൽ നിലവിലുള്ളതായി അറിയുമോ ?

ഉത്തരം

രണ്ടാം നരേന്ദ്രൻ കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ ഏതെങ്കിലും റിട്ട് ഹർജി നിലവിലുള്ളതായി അറിയില്ല. എന്നാൽ 11-4-2000-ൽ നരേന്ദ്രൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത റിട്ട് ഹർജി (സി) നമ്പർ 598/2000 തീർപ്പാവാതെ ഇപ്പോഴും സുപ്രീംകോടതിയിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly